## മോട്ടോർ വാഹന സർവ്വീസ് ചാർജിൽ ഇളവ്

മോട്ടോർ വാഹന വകുപ്പിലെ അടിയന്തിര ജോലികളായി പരിഗണിച്ചിട്ടുള്ള 10 കാര്യങ്ങൾക്ക് സർവ്വീസ ചാർജിൽ ഇളവ് വരുത്തി സർക്കാർ ഉത്തരവായി.

ഇതനുസരിച്ച് പുതിയ നിരക്കുകളും, പഴയ നിരക്ക് ബ്രാക്കറ്റിലും.

ലേണേഴ്സ് ലൈസൻസ് ഫീസ്- 50 (60), മോട്ടോർ ഡ്രൈവിങ് ലെസൻസ് പുതുക്കൽ -50 (100), മേൽവിലാസം മാറ്റൽ 50 (80), ഡ്യൂപ്ലിക്കേറ്റ് ലൈസൻസ്- 50 (100) ബാഡ്ജ് നൽകുന്നതിനുള്ള ഫീസ് - 50 (80), ഡ്യൂപ്ലിക്കേറ്റ് കണ്ടക്ടർ ലൈൻസ് ഫീസ്- 50 (100), ഡ്യൂപ്ലിക്കേറ്റ് കണ്ടക്ടർ ലൈൻസ് ബാഡ്ജ് ഫീസ്- 50 (100), പുതിയ ഡ്രൈവിങ് സ്കൂൾ ലൈസൻസ് നൽകുന്നതിനും/പുതുക്കുന്നതിനുമുള്ള ഫീസ് 500 (1000), ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഫീസുകൾ: എൽ.എം.വി- 100 (125), എം.എം.വി- 150 (160), എച്ച്.എം.വി- 200 (240), പെർമിറ്റ് ഫീസുകൾ (ഡ്യൂപ്ലിക്കേറ്റ് പെർമിറ്റ്, പെർമിറ്റ് ട്രാൻസ്ഫർ, പെർമിറ്റ് വേരിയേഷൻ, വാഹനം പകരം മാറ്റൽ തുടങ്ങിയ സർവ്വീസുകൾക്ക്): ആട്ടോറിക്ഷ- 100 (500), എൽ.എം.വി- 200 (500), എം.എം.വി- 300 (500), എച്ച്.എം.വി- 400 (500).